**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2899** **24-02-2026 - ൽ മറുപടിയ്ക്ക്**

**ഫിഷറീസ് വകുപ്പിന്റെ വിവിധ ക്ഷേമ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. ആർ. മഹേഷ് | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ഫിഷറീസ് വകുപ്പിന്റെ വിവിധ ക്ഷേമ പദ്ധതികൾ ഏതെല്ലാമാണെന്ന് അറിയിക്കാമോ; | (എ) | 1)വിദ്യാതീരം പദ്ധതി<br><br>2)തീരോന്നതി<br><br>സാന്ത്വന തീരം<br><br>മെഡിക്കൽ ക്യാമ്പ്<br><br>ആന്റി ഡ്രഗ് ക്യാമ്പയിൻ<br><br>ബോധവൽക്കരണ ക്യാമ്പ്<br><br>3) മത്സ്യത്തൊഴിലാളി കടാശ്വാസം<br><br>4)വനിതകളുടെ സാമൂഹിക സാമ്പത്തിക സുരക്ഷ ഉറപ്പു വരുത്തുന്നതിന് സാഫ് മുഖേന നടപ്പിലാക്കിയ വിവിധ പദ്ധതികൾ<br><br>ചെറുകിട തൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള ധനസഹായം<br><br>വർക്കിംഗ് ക്യാപിറ്റൽ റിവോൾവിംഗ് ഫണ്ട് ധനസഹായം<br><br>ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പ് (ജെഎൽജി) കൾക്ക് പലിശരഹിത വായ്പ<br><br>ഒരു കുടുംബം ഒരു ജോലി<br><br>ടെക്നോളജി ഇംപ്രൂവ്മെന്റ്<br><br>കപ്പാസിറ്റി ബിൽഡിംഗ് പ്രോഗ്രാമുകൾ<br><br>സീ ഫുഡ് റസ്റ്റോറന്റ് പദ്ധതി<br><br>ഹൈജീനിക് റഫ്രിജറേറ്റഡ് മൊബൈൽ ഫിഷ് വെന്റിംഗ് കിയോസ്ക്<br><br>തീരമാവേലി |

| | | | |
|---|---|---|---|
| | | | ഗ്രാജ്വേറ്റിംഗ് ആക്ടിവിറ്റി ഗ്രൂപ്പ്സ് ടു ബിസിനസ്സ് ഗ്രൂപ്പ് (പലിശ സബ്സിഡി)<br><br>കമ്മ്യൂണിറ്റി വെൽനസ്സ് ഇന്റർവെൻഷൻ:<br><br>ബ്രാന്റിംഗ് &മാർക്കറ്റിങ്ങ്<br><br>5) സമുദ്ര ബസ്സ് സർവ്വീസ്<br><br>6) പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് ആഴക്കടൽ മത്സ്യബന്ധന യാനങ്ങൾ വിതരണം ചെയ്യുന്ന പദ്ധതി<br><br>7) പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് FRP യാനങ്ങൾ വിതരണം ചെയ്യുന്ന പദ്ധതി<br><br>8)മത്സ്യത്തൊഴിലാളികൾക്കുള്ള മണ്ണെണ്ണ വിതരണം<br><br>9)മണ്ണെണ്ണയ്ക്ക് പകരം പെട്രോൾ, LPG തുടങ്ങിയ ഇന്ധനങ്ങൾ ഉപയോഗിച്ച് പ്രവർത്തിക്കുന്ന എഞ്ചിനുകൾ സബ്സിഡിയോടെ അനുവദിക്കുന്ന പദ്ധതികൾ<br><br>10)മത്സ്യബന്ധന യാനങ്ങളുടെ ആധുനികവൽക്കരണം<br><br>11)പരമ്പരാഗത മത്സ്യബന്ധന യാനങ്ങൾക്ക് ഇൻഷ്വറൻസ് കവറേജ്.<br><br>12)പരമ്പരാഗത മത്സ്യബന്ധന യാനങ്ങൾക്ക് കടൽ സുരക്ഷാ ഉപകരണങ്ങൾ വിതരണം ചെയ്യുന്ന പദ്ധതികൾ<br><br>13)മത്സ്യത്തൊഴിലാളികൾക്ക് സ്ക്വയർ മെഷ് കോഡ് എൻഡ് വിതരണം ചെയ്യുന്ന പദ്ധതി<br><br>14)കൃത്രിമപ്പാര് സ്ഥാപിക്കുന്ന പദ്ധതികൾ<br><br>15) സീ റാഞ്ചിംഗ് പദ്ധതി<br><br>16)രക്ഷാപ്രവർത്തനങ്ങൾക്കായി 3 മറൈൻ ആംബുലൻസുകൾ<br><br>17)ഹാർബറുകളിൽ CCTV ക്യാമറകളും LED ബോർഡുകളും<br><br>18)മത്സ്യത്തൊഴിലാളി യുവാക്കളെ ഉൾപ്പെടുത്തി സീ റെസ്ക്യൂ സ്ക്വാഡുകൾ |

19)നാല് പുതിയ ഫിഷറീസ് സ്റ്റേഷനുകളും ഫിഷറീസ് സ്റ്റേഷനുകളുടെ ആധുനീക വൽക്കരണവും

20)മത്സ്യത്തൊഴിലാളികൾക്ക് ട്രാൻസ്പോണ്ടറുകൾ വിതരണം ചെയ്യുന്ന പദ്ധതി.

21)SDRF/CMDRF മുഖാന്തിരം ധനസഹായം നൽകിയതിന്റെ വിവരങ്ങൾ ചുവടെ കൊടുക്കുന്നു

കേരള തീരത്ത് മത്സ്യബന്ധനം നടത്തരുത് എന്ന് ദുരന്ത നിവാരണ അതോറിറ്റി പുറപ്പെടുവിക്കുന്ന ദീർഘകാല കാലാവസ്ഥാ മുന്നറിയിപ്പുകളുടെ സാഹചര്യത്തിലും മത്സ്യബന്ധന നിരോധന സമയത്തും തൊഴിൽ നഷ്ടപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്ക് സർക്കാർ സൗജന്യറേഷൻ ഉൾപ്പെടെ സാധ്യമായ എല്ലാ സഹായങ്ങളും നൽകുന്നുണ്ട്. 2020-21 കാലയളവിൽ കാലാവസ്ഥാ മുന്നറിയിപ്പ്, കോവിഡ് 19 എന്നിവയുടെ ദുരിതാശ്വാസ സഹായമായി 36.126 (SDRF/CMDRF) കോടി രൂപ അനുവദിച്ചിട്ടുണ്ട്. കൂടാത 2021-ലെ കാലാവസ്ഥാ മുന്നറിപ്പ് മൂലം തൊഴിൽ ദിനങ്ങൾ നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് 47.84 കോടി രൂപ ധനസഹായം അനുവദിച്ചിട്ടുണ്ട്. 2021-22 ലെ ടൗട്ടേ ചുഴലിക്കാറ്റിന്റെ പശ്ചാത്തലത്തിൽ മത്സ്യത്തൊഴിലാളികൾക്ക് 18.36 കോടി രൂപ ധനസഹായം അനുവദിച്ചിട്ടുണ്ട്. കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ കീഴിൽ രജിസ്റ്റർ ചെയ്ത മത്സ്യത്തൊഴിലാളികൾക്ക് 2021-ൽ കോവിഡ് ദുരിതാശ്വാസത്തിന്റെ ഭാഗമായി 32.47 കോടി രൂപ ധനസഹായം നൽകിയിട്ടുണ്ട്. കോവിഡ് 19 ന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികൾക്ക് 2021 മെയ് മാസം മുതൽ 2022 ജനുവരി മാസം വരെ 1,34,863 സൗജന്യ ഭക്ഷ്യ കിറ്റുകൾ സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖാന്തിരം വിതരണം ചെയ്തിട്ടുണ്ട്. 2022 ഏപ്രിൽ, മേയ്, ജൂലൈ, ആഗസ്റ്റ് മാസങ്ങളിലെ അതിതീവ്ര ന്യൂനമർദ്ദ ചുഴലിക്കാറ്റ് സംബന്ധിച്ച കാലാവസ്ഥാ മുന്നറിയിപ്പ് മൂലമുണ്ടായ 15 ദിവസത്തെ തൊഴിൽ നഷ്ടത്തിന് 1,66,756 സമുദ്ര – അനുബന്ധ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് ഫിഷറീസ് ഡയറക്ടറുടെ സ്പെഷ്യൽ റ്റി.എസ്.ബി അക്കൗണ്ടിലേക്ക് 50.027 കോടി രൂപ അനുവദിച്ച് നൽകിയിരുന്നു. ടി തുക ബന്ധപ്പെട്ട ജില്ലാ ഓഫീസർ മുഖാന്തിരം അർഹരായ ഗുണഭോക്താക്കൾക്ക് അനുവദിച്ച് നൽകുകയുണ്ടായി. കൂടാതെ 2025 മെയ് 18 മുതൽ മെയ് 31 വരെയുള്ള 14 ദിവസം

| | | | |
|---|---|---|---|
| | | | മത്സ്യത്തൊഴിലാളികൾ കടലിൽ പോകരുതെന്ന INCOIS, KSDMA, Indian Meteorological Department എന്നീ ഏജൻസികളുടെ കാലാവസ്ഥ മുന്നറിയിപ്പ് കാരണം തൊഴിൽ ദിനങ്ങൾ നഷ്ടപ്പെട്ട 172160 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് (മറൈൻ കുടുംബങ്ങൾ 132822 + അനുബന്ധ കുടുംബങ്ങൾ 39338) ധനസഹായം നൽകുന്നതിനായി 48,20,48,000/- രൂപ CMDRF മുഖേന അനുവദിച്ചിരുന്നു. അനുവദിച്ച തുക അർഹമായ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തു വരുന്നു. |
| (ബി) | ഓരോന്നിലും എത്ര മാസത്തെ കുടിശ്ശിക വീതമാണ് നിലവിൽ വിതരണം ചെയ്യാൻ ബാക്കിയുള്ളത്; കണക്കുകൾ ലഭ്യമാക്കുമോ? | (ബി) | വിശദാംശങ്ങൾ **അനുബന്ധമായി** ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| ക്രമ നം. | പദ്ധതികൾ | കുടിശ്ശിക |
|---|---|---|
| 1. | പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് ആഴക്കടൽ മത്സ്യബന്ധന യാനങ്ങൾ വിതരണം ചെയ്യുന്ന പദ്ധതി | കുടിശ്ശികയില്ല. |
| 2. | പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് FRP യാനങ്ങൾ വിതരണം ചെയ്യുന്ന പദ്ധതി. | കുടിശ്ശികയില്ല. |
| 3. | മത്സ്യത്തൊഴിലാളികൾക്കുള്ള മണ്ണെണ്ണ വിതരണം | കുടിശ്ശികയില്ല. |
| 4. | മണ്ണെണ്ണയ്ക്ക് പകരം പെട്രോൾ, LPG തുടങ്ങിയ ഇന്ധനങ്ങൾ ഉപയോഗിച്ച് പ്രവർത്തിക്കുന്ന എഞ്ചിനുകൾ അനുവദിക്കുന്ന പദ്ധതികൾ. | കുടിശ്ശികയില്ല. |
| 5. | മത്സ്യബന്ധന യാനങ്ങളുടെ ആധുനികവൽക്കരണം | കുടിശ്ശികയില്ല. |
| 6. | പരമ്പരാഗത മത്സ്യബന്ധന യാനങ്ങൾക്ക് ഇൻഷ്വറൻസ് കവറേജ്. | കുടിശ്ശികയില്ല. |
| 7. | പരമ്പരാഗത മത്സ്യബന്ധന യാനങ്ങൾക്ക് കടൽ സുരക്ഷാ ഉപകരണങ്ങൾ വിതരണം ചെയ്യുന്ന പദ്ധതികൾ. | കുടിശ്ശികയില്ല. |
| 8. | മത്സ്യത്തൊഴിലാളികൾക്ക് സ്ക്വയർ മെഷ് കോഡ് എൻഡ് വിതരണം ചെയ്യുന്ന പദ്ധതി | കുടിശ്ശികയില്ല. |
| 9. | കൃത്രിമപ്പാര് സ്ഥാപിക്കുന്ന പദ്ധതികൾ | കുടിശ്ശികയില്ല. |
| 10. | സീ റാഞ്ചിംഗ് പദ്ധതി | കുടിശ്ശികയില്ല. |
| 11. | രക്ഷാപ്രവർത്തനങ്ങൾക്കായി മറൈൻ ആംബുലൻസുകൾ | കുടിശ്ശികയില്ല. |
| 12. | ഹാർബറുകളിൽ CCTV ക്യാമറകളും LED ബോർഡുകളും | കുടിശ്ശികയില്ല. |
| 13. | 'സീ റെസ്ക്യൂ സ്ക്വാഡുകൾ' | കുടിശ്ശികയില്ല. |
| 14. | നാല് പുതിയ ഫിഷറീസ് സ്റ്റേഷനുകളും ഫിഷറീസ് സ്റ്റേഷനുകളുടെ ആധുനീക വൽക്കരണവും | കുടിശ്ശികയില്ല. |
| 15. | മത്സ്യത്തൊഴിലാളികൾക്ക് ട്രാൻസ്പോണ്ടറുകൾ വിതരണം ചെയ്യുന്ന പദ്ധതി. | കുടിശ്ശികയില്ല. |
| 16. | മത്സ്യത്തൊഴിലാളി കടാശ്വാസ പദ്ധതി | കുടിശ്ശികയില്ല. |
| 17. | വിദ്യാതീരം പദ്ധതിക്കു കീഴിൽ മെഡിക്കൽ എൻട്രൻസ് പരിശീലനം, എൻ ഐ ടി/ഐ ഐ ടി പരിശീലനം, സിവിൽ സർവീസ് പരിശീലനം, ഫിഷറീസ് സ്കൂളുകൾക്കുള്ള ഓപ്പറേഷണൽ എക്സ്പൻസ്, സെന്റർ ഓഫ് എക്സലൻസ്സ് എന്നീ ഘടകങ്ങൾ,കായിക | കുടിശ്ശികയില്ല. |

| | | |
|---|---|---|
| | പ്രവർത്തനങ്ങളുടെ വികസനത്തിനുള്ള ഫണ്ട് ,മിസലേനിയസ്, പ്രീ- മെട്രിക് /പോസ്റ്റ്- മെട്രിക് വിദ്യാഭ്യാസാനുകൂല്യം | |
| 18. | തീരോന്നതി പദ്ധതിയിലെ സാന്ത്വനതീരം, മെഡിക്കൽ ക്യാംപ്, ബോധവൽക്കരണ പരിപാടി, ആന്റി ഡ്രഗ് ക്യാംപയിൻ | കുടിശ്ശികയില്ല. |
| 19. | സമ്പാദ്യ സമാശ്വാസ പദ്ധതി | കുടിശ്ശികയില്ല. |
| 20. | തീരദേശ അടിസ്ഥാന സൗകര്യ വികസനം | ലഭ്യമായ ബില്ലുകൾ അനുവദിക്കുന്നതിനുള്ള തുക ഹെഡിൽ ലഭ്യമായതിനാൽ ആയത് അനുവദിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്. നിലവിൽ ലഭ്യമായ ബില്ലുകളെല്ലാം തന്നെ കുടിശിക ഇല്ലാതെ അനുവദിക്കാൻ കഴിയുന്നതാണ്. |